ലേഖനം

◆

**റോബർട്ട് ജെൻസൺ**

# ലാൽ മസ്ജിദും തമസ്കരിക്കപ്പെട്ട യാഥാർഥ്യങ്ങളും

*ഭ്രാന്തുപിടിച്ച ഒരുപറ്റം മൗലികവാദികൾ സംയമനശീലരായ സൈനികരെ പ്രകോപിപ്പിച്ചുകൊണ്ടിരുന്നതിന്റെ പ്രത്യാഘാതം എന്ന രീതിയിലാണ് മാധ്യമങ്ങൾ ലാൽ മസ്ജിദ് ദുരന്തത്തെ ചിത്രീകരിച്ചത്. ഇവക്കിടയിൽ മാധ്യമങ്ങൾ മറച്ചുപിടിച്ച പൊള്ളുന്ന യാഥാർഥ്യങ്ങൾ വെളിപ്പെടുത്തുകയാണ് ദുരന്തവേളയിൽ പാകിസ്താനിലുണ്ടായിരുന്ന അമേരിക്കൻ പത്രപ്രവർത്തകൻ* ***റോബർട്ട് ജെൻസൺ***

**ജൂലൈ** എട്ടിനായിരുന്നു ഞാൻ പാകിസ്താനിലെത്തിയത്. സൈന്യം ലാൽ മസ്ജിദിൽ ഇരച്ചുകയറുമെന്ന് അപ്പോഴേക്കും ഏറക്കുറെ തീർച്ചപ്പെട്ടിരുന്നു. ഞാൻ നടത്തുന്ന സംഭാഷണങ്ങളിലേക്ക് ഓരോ മൂന്ന് മിനിറ്റിലും ലാൽമസ്ജിദ് പ്രതിസന്ധി കടന്നുവരുമായിരുന്നു. ലാൽ മസ്ജിദിനു പിന്നിലെ ഫണ്ടമെന്റലിസ്റ്റുകളെയും അവരുടെ അനുയായികളെയും കീഴ്പ്പെടുത്തി സംഘർഷം അവസാനിപ്പിക്കുക എന്ന പദ്ധതി അന്തിമഘട്ടത്തിലേക്ക് പ്രവേശിച്ച സന്ദർഭത്തിൽ ഞാൻ രണ്ട് സുഹൃത്തുക്കൾക്കൊപ്പം ലാഹോറിലേക്ക് കാറിൽ യാത്ര തിരിച്ചിരുന്നു. ഒരു പ്രഭാഷണ പര്യടന പദ്ധതിയുടെ ഭാഗമായായിരുന്നു ആ യാത്ര. കാറിൽ ഞങ്ങൾ മണിക്കൂറുകളോളം ലാൽ മസ്ജിദ് പ്രശ്നത്തെക്കുറിച്ച് സംസാരിച്ചു. സംഘർഷത്തിന്റെ യഥാർഥ ദുരന്തവശങ്ങളും അവയുടെ അടിസ്ഥാന കാരണങ്ങളും ആ ദീർഘ സംഭാഷണങ്ങളിൽനിന്ന് എനിക്ക് ബോധ്യപ്പെടുകയും ചെയ്തു.

യാത്ര തുടരുന്നതിനിടയിൽ ആ ദുരന്തവാർത്ത സെൽഫോണിലൂടെ ഞങ്ങൾ ശ്രവിച്ചു. ലാൽ മസ്ജിദ് സൈന്യം കീഴ്പ്പെടുത്തിയെന്നും നിരവധിപേർ വധിക്കപ്പെട്ടുവെന്നും ശ്രവിച്ച് ഞങ്ങൾ മൂകരായി തലതാഴ്ത്തിയിരുന്നു. നിരപരാധികൾ കൊല്ലപ്പെട്ടതോർത്ത് ഞങ്ങൾ തേങ്ങി. സമാധാനം സ്ഥാപിക്കാനുള്ള അവസരങ്ങൾ നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു എന്ന യാഥാർഥ്യം ഞങ്ങളെ അസ്വസ്ഥരും ആശങ്കാകുലരുമാക്കി.

കിറുക്കന്മാരായ ഒരുപറ്റം തീവ്രവാദ ചിന്താഗതിക്കാർ സംയമനശീലരായ സർക്കാർ സേനയെ തുടർച്ചയായി പ്രകോപിപ്പിച്ചതിന്റെ അനന്തരഫലം എന്ന നിലയിലാണ് മാധ്യമങ്ങൾ ലാൽമസ്ജിദ് ദുരന്തത്തെ വരച്ചിട്ടത്. പാശ്ചാത്യ മാധ്യമങ്ങളും പാകിസ്താനിലെ തന്നെ പ്രമുഖ മാധ്യമങ്ങളും ഇത്തരമൊരു ചിത്രം മാത്രമാണ് ഇപ്പോഴും അവതരിപ്പിച്ചുവരുന്നത്. ലാൽ മസ്ജിദിന്റെ നടത്തിപ്പുകാരായ രണ്ട് സഹോദരന്മാരും ഇസ്ലാമിന് ഹിംസാത്മകമായ വ്യാഖ്യാനമാണ് നൽകിയിരുന്നത് എന്നത് നേരുതന്നെ. കാറിലുണ്ടായിരുന്ന ഞാനും എന്റെ രണ്ട് മുസ്ലിം സുഹൃത്തുക്കളും ഈ പ്രതിലോമപരമായ കാഴ്ചപ്പാടിന് അംഗീകാരം നൽകിയിരുന്നില്ല. മത-രാഷ്ട്രീയരംഗത്ത് പുരോഗമനപരമായ വീക്ഷണം വെച്ചുപുലർത്തുന്നവരാണ് ഞങ്ങൾ. കാറിൽ എന്റെ കൂടെ ഉണ്ടായിരുന്ന ഒരാൾ പുരോഗമനാശയക്കാരനായ പേരുകേട്ട ദൈവശാസ്ത്രജ്ഞൻ ഫരീദ് ഇസ്ഹാഖ് ആയിരുന്നു. അധ്യാപന പ്രഭാഷണ പരിപാടികൾക്കായി പാകിസ്താനിലെത്തിയതായിരുന്നു അദ്ദേഹം. പാക്-അമേരിക്കൻ വംശജനായ ജുനൈദ് അഹ്മദായിരുന്നു രണ്ടാമൻ. നിയമവിദ്യാർഥിയും ആക്ടിവിസ്റ്റുമായ ജുനൈദാണ് ഞങ്ങളുടെ അധ്യാപന പ്രഭാഷണ പര്യടനപരിപാടിക്ക് ചുക്കാൻ പിടിച്ചിരുന്നത്. ലാൽ മസ്ജിദ് ദുരന്തത്തിനിടയാക്കിയ സംഭവവികാസങ്ങളുടെ സാമൂഹിക-സാമ്പത്തിക വശങ്ങൾ വിസ്മരിക്കപ്പെടുകയും അവഗണിക്കപ്പെടുകയുമാണുണ്ടായതെന്ന് ഇരുവരും ചൂണ്ടിക്കാട്ടുന്നു.

ഇസ്ലാമിക ശരീഅത്ത് നിയമങ്ങൾ നടപ്പാക്കണമെന്ന വാദം മാത്രമല്ല ലാൽ മസ്ജിദ് ഇമാമുമാരായ മുഹമ്മദ് അബ്ദുൽ അസീസ് ഗാസിയും അബ്ദുർ റശീദ് ഗാസിയും ഉന്നയിച്ചിരുന്നത്. രാജ്യത്തിന്റെ രാഷ്ട്രീയ-സൈനിക വരേണ്യ വിഭാഗങ്ങളിലെ ഉന്നതങ്ങളിൽ നടമാടിയ അഴിമതികളെ ഇരുവരും വിമർശിച്ചു. ദശലക്ഷക്കണക്കിന് സാധാരണ പാകിസ്താൻകാർ ദാരിദ്ര്യത്തിന്റെ കയത്തിൽ മുങ്ങിക്കിടക്കുന്ന ദുരവസ്ഥയും ഈ ഇമാമുമാർ ചൂണ്ടിക്കാട്ടിയിരുന്നു. ഏതൊരു

മൂന്നാം ലോകരാജ്യത്തെയും പോലെ പാകിസ്താനിലെ ധനിക-ദരിദ്ര വിടവും സമീപ വർഷങ്ങളിൽ വർധിക്കുകയുണ്ടായി. അമേരിക്കൻ മേധാവിത്വത്തിലുള്ള ആഗോള സാമ്പത്തിക വികസന ക്രമം സമ്പന്നരെ കൂടുതൽ സമ്പന്നരാക്കാൻ സഹായിക്കുമ്പോൾ ദരിദ്രനാരായണന്മാരെ കൂടുതൽ നിസ്വാവസ്ഥയിലേക്കാണ് നയിക്കുന്നത്.

"ലാൽ മസ്ജിദ് ഇമാമുമാരുടെ ധർമയുദ്ധാഹ്വാനങ്ങൾ നമുക്ക് നിരാകരിക്കാം. എന്നാൽ സാമൂഹിക മാറ്റത്തിനായുള്ള ആഹ്വാനവും അവർ മുഴക്കുന്നു എന്നത് കാണാതിരുന്നുകൂടാ. ഉപരിവർഗത്തിന്റെ ധനാർത്തിക്കും അധികാര ദുർമോഹങ്ങൾക്കും അവർ കനത്ത വെല്ലുവിളിയാണ് ഉയർത്തിയിരുന്നത്" - *ഖുർആൻ: വിമോചനവും ബഹുസ്വരതയും* (Qur'an: Liberation and Pluralism) എന്ന ഗ്രന്ഥത്തിന്റെ കർത്താവ് കൂടിയായ ഫരീദ് ഇസ്ഹാഖ് എന്നെ ഓർമിപ്പിച്ചു. അബ്ദുർറശീദ് ഗാസിയുമായി നിരവധി സംഭാഷണങ്ങളും ചർച്ചയും നടത്താൻ ഫരീദിന് അവസരം ലഭിച്ചിരുന്നു.

"ഞാൻ ഗാസിയോട് സംസാരിച്ചപ്പോഴൊക്കെ സാമൂഹിക-സാമ്പത്തിക പരിവർത്തനം എന്ന ആശയം അദ്ദേഹം മുമ്പോട്ടു വെക്കുകയുണ്ടായി. പാക് സമൂഹത്തിന്റെ ഇതര കോണുകളിൽനിന്ന് അർഥപൂർണമായ ഇത്തരം ആഹ്വാനങ്ങൾ മുഴങ്ങാതിരിക്കെ ഗാസിയുടെ അഭ്യർഥനകൾ ജനങ്ങൾക്ക് കൂടുതൽ ആകർഷകമായി അനുഭവപ്പെടുക സ്വാഭാവികം മാത്രം" ഫരീദ് ഇസ്ഹാഖ് ഒന്നുകൂടി വിശദീകരിച്ചു.

ഹാർവാർഡ് സർവകലാശാലയിലെ ഡിവൈൻ സ്കൂളിൽ ദൈവശാസ്ത്ര അധ്യാപകനാണ് ഫരീദ്. ദക്ഷിണാഫ്രിക്കയിലെ ലിംഗസമത്വകാര്യ കമീഷണറായി നേരത്തേ സേവനം ചെയ്തിരുന്നു. ലാൽ മസ്ജിദ് സന്ദർശിച്ച് നിരവധി തവണ ഇമാമുമാരുമായി ആശയവിനിമയം നടത്താൻ അദ്ദേഹത്തിന് അവസരം ലഭിക്കുകയുണ്ടായി. പാക്സൈന്യം പള്ളി സീൽ ചെയ്തതോടെയാണ് ഫരീദ് അത്തരം സന്ദർശനങ്ങൾ അവസാനിപ്പിച്ചത്. ബാല്യകാലത്ത് പാക് മദ്റസകളിൽ വിദ്യ അഭ്യസിച്ച ഫരീദ് ഇമാം അബ്ദുൽ അസീസിന്റെ സഹപാഠിയുമാണ്. മാധ്യമങ്ങൾ നൽകുന്ന പ്രതിഛായക്കു വിരുദ്ധമായി സമത്വസുന്ദരലോകം സ്വപ്നം കാണുന്ന വ്യക്തിയാണ് ഗാസിയെന്ന് ഫരീദ് പറയുന്നു. സാമ്പത്തിക സമത്വം ഉറപ്പുവരുത്തുന്ന രീതിയിൽ ഒരു ഇസ്ലാമിക സ്റ്റേറ്റ് എങ്ങനെ സ്ഥാപിക്കാമെന്നതിന്റെ രൂപരേഖ ഗാസി താനുമായി പലകുറി ചർച്ചചെയ്തതായും ഫരീദ് വിശദീകരിക്കുന്നു.

"എന്റെ പുരോഗമനപരമായ കാഴ്ചപ്പാടിൽനിന്ന് വിഭിന്നമായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രസങ്കൽപം. എന്നാൽ അതിനെ പടിഞ്ഞാറൻ മാധ്യമങ്ങൾ മുദ്രയടിച്ചതുപോലെ ഹാസ്യചിത്രമായി ലഘൂകരിക്കാനോ കൊച്ചാക്കാനോ ഞാൻ തയാറല്ല" ഫരീദിന്റെ മറ്റൊരു നിരീക്ഷണം.

പ്രശ്നത്തിന്റെ മറ്റൊരു വശത്തേക്കാണ് ജുനൈദ് അഹ്മദ് എന്റെ ശ്രദ്ധ ക്ഷണിച്ചത്. ചില അനധികൃത പള്ളികൾ സർക്കാർ പൊളിച്ചുനീക്കിയത് പ്രശ്നത്തിന്റെ എരിതീയിലേക്ക് എണ്ണയൊഴിച്ച ഫലം സൃഷ്ടിച്ചു. സർക്കാറിന്റെ അനുമതി തേടാതെത്തന്നെ പലരും മേഖലയിൽ പള്ളികളും മദ്റസകളും സ്ഥാപിച്ചിരുന്നു. ഇസ്ലാമാബാദ് നഗരം വികസിച്ചുകൊണ്ടിരിക്കുന്നതിനാൽ നഗരഭൂമികളുടെ പ്രാധാന്യവും വിലയും വർധിച്ചു. ലാഭത്തിൽ കണ്ണുനട്ട പ്രമുഖ ഡെവലപ്പർമാർ സ്വാധീനമുപയോഗിച്ച് ഈ 'അനധികൃത' മദ്റസകളും പള്ളികളും ഉദ്യോഗസ്ഥന്മാർ മുഖേന പൊളിച്ചു നീക്കം ചെയ്തു. അതേസമയം കൈയേറ്റ ഭൂമികളിലുള്ള ലാഭകരമായ മറ്റ് അനധികൃത സ്ഥാപനങ്ങൾക്കുമേൽ ആരും കൈവെച്ചില്ല. ഈ വിവേചന നിലപാടിനെതിരായ പ്രതിഷേധ വികാരവും ലാൽ മസ്ജിദുമായി ബന്ധപ്പെട്ട പ്രക്ഷോഭങ്ങൾക്ക് പ്രധാന കാരണമായി. എന്നാൽ ലാൽ മസ്ജിദ് വിദ്യാർഥികൾ വേശ്യാലയങ്ങളും വീഡിയോ ഷോപ്പുകളും റെയ്ഡ് ചെയ്ത വാർത്ത മാത്രമാണ് മാധ്യമങ്ങൾ പുറത്തുവിട്ടത്. മാധ്യമങ്ങൾ അവഗണിച്ച മറ്റൊരു യാഥാർഥ്യവും ഫരീദും ജുനൈദും ചൂണ്ടിക്കാട്ടി. ലോകം മുഴുവൻ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്ന പാക് തലസ്ഥാന നഗരിയിൽ ദരിദ്രരും മൗലികവാദികളും ശേഷിക്കാൻ പാടില്ലെന്ന് ഇസ്ലാമാബാദിലെ മതേതര വരേണ്യ വിഭാഗങ്ങൾക്ക് ശാഠ്യമുണ്ടായിരുന്നു. ദുരിതമനുഭവിക്കുന്ന സാധാരണക്കാർക്കുവേണ്ടിയുള്ള ശബ്ദങ്ങൾ അവഗണിക്കപ്പെടുന്നതും രാജ്യത്തിന് മോശം പ്രതിഛായ നൽകുമായിരുന്നു. അതിനാൽ ലാൽ മസ്ജിദുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ, രാജ്യത്തിന്റെ പ്രതിഛായ കൂടുതൽ മോശമാവും മുമ്പേ അന്തിമമായി പരിഹരിക്കുന്ന നടപടിക്ക് സെക്യുലർ ലോബി സമ്മർദം വർധിപ്പിക്കുകയുണ്ടായി.

പ്രതിഛായ നിർമാണ വ്യഗ്രതകൾക്കിടയിൽ ലാൽ മസ്ജിദ് അന്തേവാസികളുടെ ദുരിത യാഥാർഥ്യങ്ങൾ സർവരാലും തമസ്കരിക്കപ്പെട്ടു. ലാൽ മസ്ജിദ് പ്രശ്നം രൂക്ഷമാകാൻ തുടങ്ങിയതോടെ അന്തേവാസികളായ പല വിദ്യാർഥികളെയും സർക്കാർ പണം നൽകി വീട്ടിലേക്കു മടങ്ങാൻ പ്രേരിപ്പിച്ചു. പലരും മസ്ജിദ് വിട്ടെങ്കിലും അവരിൽ ഭൂരിപക്ഷത്തിനും തിരിച്ചുപോകാൻ വീടുണ്ടായിരുന്നില്ല. അഹ്മദിന്റെ വാചകം ഉദ്ധരിക്കട്ടെ:

"ലാൽ മസ്ജിദ് ഇമാമുമാർ മുന്നോട്ടുവെച്ച ആശയങ്ങൾ എത്ര പിന്തിരിപ്പൻ സ്വഭാവമാർന്നതായിരുന്നെങ്കിലും നിരവധി അഗതികൾക്ക് അവർ അഭയമരുളി. പാവങ്ങൾക്ക് താമസിക്കാൻ ഇടവും അധ്യയനത്തിന് സന്നാഹങ്ങളും നൽകി. രാജ്യത്തെ സാമ്പത്തിക സംവിധാനത്തിൽ ദരിദ്രർക്ക് ഇടമില്ലാതെ വരികയും സർക്കാർ പൂർണ അവഗണനാ നയം തുടരുകയും ചെയ്യുമ്പോൾ ഈ പാവങ്ങൾ എവിടെപ്പോകാനാണ്?"

എന്റെ പാക് യാത്ര മാസങ്ങൾക്കു മുമ്പേ നിശ്ചയിക്കപ്പെട്ടതായിരുന്നു. ഞാൻ എത്തിയപ്പോൾ യാദൃഛികമായി ലാൽ മസ്ജിദ് ദുരന്തവും അരങ്ങേറി. ദുരന്തസമയത്ത് ഞാൻ അമേരിക്കയിൽതന്നെ ആയിരുന്നെങ്കിലോ? പടിഞ്ഞാറൻ പ്രസ്സിൽനിന്ന് സംഭവങ്ങളുടെ അടിസ്ഥാന യാഥാർഥ്യം എനിക്ക് മനസ്സിലാക്കാൻ അവസരം ലഭിക്കുമായിരുന്നില്ല. വെബ്സൈറ്റുകളിൽപോലും പ്രത്യക്ഷപ്പെടാത്ത സത്യങ്ങൾക്കാണ് ഞാൻ സാക്ഷിയായത്.

മൂകരും ദുഃഖിതരുമായി ഞങ്ങൾ കാറോടിച്ചു നീങ്ങുമ്പോൾ വീണ്ടും മൗലികവാദത്തെക്കുറിച്ച് ഞാൻ ചിന്തിച്ചു. സുരക്ഷിത പീഠങ്ങളിൽ നിലയുറപ്പിച്ചിരുന്ന് മൗലികവാദത്തെ അപലപിക്കുന്നത് എന്തുമാത്രം എളുപ്പമാണെന്ന് ഞാൻ ഓർമിച്ചു. മുൻ സന്ദർഭങ്ങളിൽ എന്റെ തന്നെ രീതിയും അതായിരുന്നു. ഇങ്ങനെ സൗകര്യപൂർവം അപലപിക്കെ നാം ആരെയാണ് ഉന്നമിടുന്നത്? ബിൻലാദിൻമാരെയും അൽസവാഹിരിമാരെയും അപലപിക്കുന്നതുകൊണ്ട് എനിക്ക് പ്രശ്നമൊന്നുമില്ല. ബുഷുമാരെയും റോബർട്ട്സൺമാരെയും അവരുടെ വികലലോകവീക്ഷണത്തെയും എനിക്ക് പരസ്യമായി എതിർക്കാം. എന്നാൽ ക്ലേശിക്കുന്ന ജനങ്ങളുടെ രോദനങ്ങളെ അവഗണിക്കുന്ന വരേണ്യ വിഭാഗങ്ങളുമായി സമരം പ്രഖ്യാപിച്ച ജനങ്ങളെ മേൽ പറഞ്ഞവിധം അപലപിക്കുന്നത് ശരിയാണോ? പുരോഗമനവാദികളായ നമുക്ക് എതിർപ്പുള്ള മൗലികവാദ സമീപനം സ്വീകരിച്ചു എന്നതുകൊണ്ടുമാത്രം അവരെ ഒറ്റപ്പെടുത്തേണ്ടതുണ്ടോ? നാം എതിർക്കുന്ന അതേ അസമത്വത്തെത്തന്നെയല്ലേ അവരും എതിർക്കുന്നത്?

വീണ്ടും ഫരീദിന്റെ ശബ്ദം: "ഞാൻ ലാൽ മസ്ജിദിൽ പോയത് പലർക്കും

ബോധിച്ചിട്ടില്ല. ഗാസിയെപ്പോലുള്ള ഒരാളോട് സംഭാഷണം നടത്തുന്നത് നിഷ്പ്രയോജനകരമാണെന്നാണ് അവരുടെ വാദം. പക്ഷേ, എന്റെ സന്ദർശനവും സംഭാഷണവും ഉചിതനടപടിയാണെന്ന് ഞാൻ ഇപ്പോഴും ഉറച്ചുവിശ്വസിക്കുന്നു. സംഭാഷണങ്ങൾക്ക് അതിന്റേതായ മൂല്യമുണ്ട്. ഇത്തരക്കാരുമായുള്ള സംഭാഷണങ്ങൾ ഉപേക്ഷിക്കുന്നതിന്റെ അർഥം നാം പ്രതീക്ഷകളെ കൈവിട്ടുകളയുന്നു എന്നാണ്. അന്യർക്കു മുമ്പിൽ സ്വയം ഭിത്തികെട്ടി നിർത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഭിന്നതകൾ നിലനിൽക്കെ ബന്ധങ്ങൾ നിലനിർത്താനാകുമെന്ന് ഞാൻ കരുതുന്നു. അതുവഴി അന്യരെയും സ്വന്തത്തെയും സമാധാനിപ്പിക്കാനാകും. മറ്റുള്ളവരെ ബോംബുകൾ ഉപയോഗിച്ചല്ല ശരിപ്പെടുത്തേണ്ടത്."

ലാൽ മസ്ജിദ് പട്ടാളക്കാർ പിടിച്ചെടുത്തുവെന്നും ഗാസിയും ഡസൻകണക്കിനാളുകളും കൊല്ലപ്പെട്ടുവെന്നുമുള്ള വാർത്ത ശ്രവിച്ചപ്പോൾ ഇത്തരമൊരു ദുരന്തത്തിന് കാരണക്കാരനായ ഗാസിയോട് എനിക്ക് അതിയായ അമർഷം തോന്നി. അതേ നിമിഷം അദ്ദേഹത്തിന്റെ മരണത്തിൽ ഞാൻ അതിയായി ദുഃഖിക്കുകയും ചെയ്തു. പാകിസ്താന്റെ സൈനിക ഭരണാധികാരിയായ പർവേസ് മുശർറഫിനോടും അദ്ദേഹത്തെ പിന്തുണക്കുന്ന അമേരിക്കൻ നേതാക്കളോടും അതിലും കൂടുതലായി അമർഷവും കോപവും എന്റെ മനസ്സിൽ നിറഞ്ഞു. ഹിംസാത്മക നയം സ്വീകരിക്കുന്ന മുസ്‌ലിം മൗലികവാദികളെക്കുറിച്ച് ഒരു തരം ഭയവും എന്നിൽ ശക്തിപ്പെട്ടു. അമേരിക്കയിൽ കരുത്താർജിക്കുന്ന ക്രൈസ്തവ മൗലികവാദത്തെക്കുറിച്ച് അത് എന്നെ വീണ്ടുമോർമിപ്പിച്ചു. ഒരേസമയം കടുത്ത നിരാശയിലൂടെയും പ്രത്യാശയിലൂടെയുമാണ് എന്റെ മനസ്സ് അപ്പോൾ കടന്നുപോയത്. ഫരീദ് ഇസ്ഹാഖ്, ജുനൈദ് അഹ്മദ് മുതലായ വ്യക്തികളുടെ സമ്പർക്കങ്ങൾ ഇത്തരം പ്രശ്നങ്ങളുടെ ശുഭപര്യവസാനത്തിന് ഭാവിയിൽ സഹായകമാകുമെന്ന പ്രത്യാശ പങ്കിടുകയാണ് ഞാൻ. ദുഃഖം പങ്കുവെക്കാൻ അവരിരുവരും എന്റെ ചാരത്തുണ്ടായിരുന്നതിൽ എനിക്ക് നന്ദിയുണ്ട്. ഇതുപോലുള്ള ദുഃഖ മുഹൂർത്തങ്ങളിൽ ഇത്തരം വിവേകമതികളുടെ സാന്നിധ്യം മാത്രമാണ് പ്രത്യാശയെ ബലപ്പെടുത്തുന്ന ഏറ്റവും വലിയ മാനുഷിക ഘടകമെന്ന് ഞാൻ തിരിച്ചറിയുന്നു.

(*ദ ഹിന്ദു* ജൂലൈ 13, 2007)

**വിവ: വി.പി.എ അസീസ്**